# ടെണ്ടർ പരസ്യം

## കൊച്ചിൻ ദേവസ്വം ബോർഡ് തൃപ്പൂണിത്തുറ ഗ്രൂപ്പ് അസി.കമ്മീഷണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ ഇരിക്കുന്ന എറണാകുളം ദേവസ്വം എറണാകുളത്തപ്പൻ ഗ്രൗണ്ട് 2025 ഓണത്തോടനുബന്ധിച്ച് 2025 ഓഗസ്റ്റ് 1 മുതൽ 2025 സെപ്തംബർ 30 കൂടി ട്രേഡ് ഫെയർ നടത്തുന്നതിന് 01/08/25 മുതൽ 10 ദിവസം പന്തൽ നിർമ്മിക്കുന്നതിനും, സജ്ജീകരണത്തിനും,11/08/25 മുതൽ 20/09/25 വരെ 41 ദിവസം പൂർണമായും വാടക ലഭിക്കുന്ന ദിവസങ്ങളായും, 21/09/25 മുതൽ 30/09/25 കൂടി 10 ദിവസം പന്തൽ അഴിക്കുന്നതിനും കൂടി 61 ദിവസത്തേക്ക് ഓണത്തോടനുബന്ധിച്ച് വാടകയ്ക്ക് നൽകുന്നതിന് വിവിധ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടറിനോടൊപ്പം ദേവസ്വം കമ്മീഷണറുടെ പേരിൽ 50,000/-ക യുടെ നിരതദ്രവ്യം ചെക്ക് ആയോ,ഡി ഡി ആയോ അടക്കം ചെയ്യേണ്ടതാണ്.

ടെണ്ടറുകൾ 8/7/25 തിയ്യതിയിൽ 2.30 pm വരെ എറണാകുളം ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതാണെന്നും അന്നേ ദിവസം 3.30 പി.എം ന് ദേവസ്വം ഓഫീസിൽ വെച്ച് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

***ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികളും/സ്ഥാപനങ്ങളും താഴെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.***

1. കച്ചവടത്തിന്/പ്രദർശനത്തിന് ആവശ്യമായ സ്ഥലം ഒരുക്കാനും ഷെഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സർക്കാർ/അർദ്ധസർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസ്/ഫീസുകൾ/അനുമതി/ചാർജുകൾ മറ്റു സുരക്ഷാ ക്രമീകരണം/വൈദ്യുതി/വാട്ടർചാർജ് എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.
2. ട്രേഡ് ഫെയർ നടത്തുന്ന സമയം ഏതെങ്കിലും തരത്തിൽ കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ആയതിന് ദേവസ്വം ഉത്തരവാദിയായിരിക്കില്ല.
3. ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ സംഖ്യയുടെ നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്.
4. ക്ഷേത്രാചാരങ്ങൾക്കോ,ക്ഷേത്രത്തിനോ നിരക്കാത്ത പ്രവർത്തനമോ, പ്രദർശനമോ നടത്താൻ പാടുള്ളതല്ല.

5. ക്ഷേത്ര ഭൂമിയിൽ മത്സ്യ മാംസാദികൾ വിൽപന നടത്തുവാനോ, പ്രദർശിപ്പിക്കുവാനോ, പാചകം ചെയ്യുവാനോ പാടുള്ളതല്ല.
6. പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന സ്ഥാവര സ്വത്തുക്കൾക്ക് യാതൊരു കേടുപാടുകളും വരുത്തുവാൻ പാടുള്ളതല്ല.
7. ഗ്രൗണ്ടിൽ ദർബാർ ഹാളിനോട് ചേർന്ന് കിഴക്ക് പടിഞ്ഞാറ് നീളത്തിൽ 10 അടി വീതിയിൽ പൊതു ഉപയോഗത്തിനും സുരക്ഷക്കുമായി പൊതു വഴിയായി നീക്കി വെയ്ക്കേണ്ടതാണ്.
8. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച് ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ടും മാത്രം കച്ചവടം/പ്രദർശനം നടത്താൻ പാടുള്ളു.
9. കച്ചവടം/പ്രദർശനത്തിന്റെ ഭാഗമായി മൈതാനത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതും ഗ്രൗണ്ട് തീർത്തും മാലിന്യ മുക്തമായി സംരക്ഷിക്കേണ്ടതുമാണ്.
10. ടെണ്ടർ കാലാവധി പൂർത്തിയാകുന്ന സമയം ഗ്രൗണ്ട് പൂർവ്വ സ്ഥിതിയിൽ ആക്കി ദേവസ്വം ഓഫീസറെ ബോധ്യപ്പെടുത്തേണ്ടതും ബാധ്യതകൾഒന്നും ഇല്ലെന്ന് ദേവസ്വം ഓഫീസർ സാക്ഷ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നിരതദ്രവ്യ സംഖ്യ പലിശ രഹിതമായി തിരികെ നൽകുന്നതാണ്.
11. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ വേണ്ടെന്ന് വെക്കുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ തിരികെ നൽകുന്നതല്ല.
12. ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ പ്രകാരമുള്ള സംഖ്യയും ജി.എസ്.ടി യും കൂടിയ സംഖ്യ ടെണ്ടർ അംഗീകരിച്ചു ഉത്തരവിൽ പറയുന്ന ദിവസം തന്നെ ദേവസ്വത്തിൽ അടക്കേണ്ടതാണ്.
13. മേൽപറഞ്ഞ നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ദേവസ്വം നൽകുന്ന ഉടമ്പടികരാർ മാതൃക നിയമാനുസൃത മുദ്ര പേപ്പറിൽ തയ്യാറാക്കി ഒപ്പ് വെച്ച് ടെണ്ടർ കൊണ്ട വ്യക്തി കച്ചവടം/പ്രദർശനം ആരംഭിക്കുന്നതിന് മുമ്പായി എറണാകുളം ദേവസ്വം ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

ടെണ്ടറിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് തൃപ്പൂണിത്തുറ ഗ്രൂപ്പ് അസി.കമ്മീഷ്ണർ ഓഫീസിലോ/എറണാകുളം ദേവസ്വം ഓഫീസിലോ ഓഫീസ് സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

30.6.25

അസി. കമ്മീഷ്ണർ
തൃപ്പൂണിത്തുറ ഗ്രൂപ്പ്

തൃപ്പൂണിത്തുറ
30.6.25